# PROSPECTUS


# PUSHPARAM
# INDUSTRIAL TRAINING INSTITUTE

PUSHPARAM PRIVATE ITI, IRITTY P.O
PAYANCHERIMUKKU

KANNUR DT, 670 703, Ph. 0490 2493465, 2519705

Affiliated to NCVT Govt. of India

"SKILLED YOUTH FOR THE FLOURISH OF THE NATION"





Fr. Joseph Chamakkalayil
Manager



Fr. George Nelluvelil
Principal

നാളെയുടെ ഭാവി വാഗ്ദാനങ്ങളായ യുവജനങ്ങളെ തൊഴിൽപരിശീലനത്തിലൂടെ മികവുറ്റവരാക്കി ജീവിതത്തിന്റെ തികവിലേയ്ക്കും നാടിന്റെ നാനാവിധ പുരോഗതിക്കുമായി സുസജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ചെറുപുഷ്പസഭ ഐ.ടി.സികൾ ആരംഭിച്ചത്. അങ്ങനെ 1978- ൽ ശ്രീകണ്ഠാപുരത്തും തുടർന്ന് 1997ൽ ഇരിട്ടിയിലും ഐ.ടി.സികൾ ആരംഭിച്ചു. കേന്ദ്രഗവൺമെന്റിന്റെ എൻ.സി.വി.ടി സ്ഥിരാംഗീകാരമുള്ള 2 കോഴ്സുകൾ ഇവിടെ നടത്തപ്പെടുന്നു.

മലയോരമേഖലയുടെ സിരാകേന്ദ്രമായ ഇരിട്ടിയിൽ തലശ്ശേരി- കൂട്ടുപുഴ, ഇരിട്ടി - മാനന്തവാടി റോഡുകളുടെ സംഗമസ്ഥലമായ പയഞ്ചേരിമുക്കിൽ ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നു.

ശാന്തമായ അന്തരീക്ഷവും , ചിട്ടയായ പരിശീലനവും, പരിചയ സമ്പന്നരായ അദ്ധ്യാപകരും സുസജ്ജമായ പ്രാക്ടിക്കൽ ലാബും മറ്റു പരിശീലന സൗകര്യങ്ങളും ഉയർന്ന വിജയശതമാനവും പുഷ്പാരാം ഐ.ടി.ഐയെ മികവുറ്റതാക്കുന്നു. ഇവിടെ നിന്നും വർഷം തോറും പഠിച്ചിറങ്ങുന്ന എല്ലാവർക്കുമായി ക്യാമ്പസ് ഇന്റർവ്യൂ സംഘടിപ്പിക്കാറുണ്ട്. പരീശീലനം പൂർത്തിയാക്കിയ എല്ലാവരും തന്നെ വിദേശത്തും സ്വദേശത്തുമായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖലകളിൽ മികവുറ്റ സേവനം കാഴ്ചവെയ്ക്കുന്നുവെന്നത് അഭിമാനകരമായ വസ്തുതയാണ്.

## METHOD OF TRAINING

The Craftsman Training Scheme (CTS) is organized according to the well planned syllabus of the Employment & Training Department of the Government of India.. Each trainee will have to undergo theoretical and practical training and should appear for the All India Trade Test conducted by the Govt. of India. Moreover moral classes and career guidance seminars, personality development programs are conducted for all trainees. Classes on English languages are given to improve the quality of training.

## COURSES — DURATION — ELIGIBILITY

### NCVT COURSES

| COURSES | DURATION | ELIGIBILITY |
|---|---|---|
| 1. **ELECTRICIAN** | 2 YEARS | SSLC/+2 |
| 2. **ELECTRONIC MECHANIC** | 2 YEARS | SSLC/+2 |

### CERTIFICATE COURSES

**BASIC COMPUTER COURSES (BCC)**

**COMPUTER COURSES**:- Department of Electronics & Information Technology (NIELT), Govt. of India

### NON FORMAL COURSE

**TAILORING & EMBROIDERY**




STAFF

# ELECTRICIAN

Duration : 2 Years

Qualification : SSLC /+2






Electricity is the basic necessity of all industrial progress and development. Trainees are imparted practical training at well equipped modern electrical and electronics lab under the supervision of the skilled ands experienced instructors. Also training include industrial installation, wiring, power distribution, motor winding, repair and maintenance of batteries etc. Plenty of job opportunities are awaiting the course completed at different companies in India and Abroad.

# ELECTRONIC MECHANIC

Duration : 2 Years

Qualification : SSLC /+2





Industrial scenario is under rapid change and the technology advancing fast. In view of that the ministry of labour, Govt. of India, introduced this trade in the Craftsman Training Scheme of this course. Well equipped and furnished lab with all modern equipments and tools. Moreover the service and knowledge of the company technicians are made available. This course focuses on advance electronic communication system, analog and digital electronics and repair and maintenance of house

hold appliances. In addition to electronic mechanic course basic computer course is also offered to the trainees. This training enables trainees to be good technicians in service and maintenance of T.V, Radio, Computer, DVD, Telephones, communication equipments etc.

## BASIC COMPUTER COURSE(BCC)

The world is undergoing changes at ever fastest pace today. The introduction of computers has revolutionized the field of communication beyond words. Computer basic literacy course is also offered to the trainees. To keep pace with the world, one requires a proper knowledge on computer, its working and scope. A practical courses on the system should be well- equipped with adequate literature. The institute provides certificate courses on Fundamentals, MS-Office,DTP,Tally,Graphic Designing, Internet & E-mail etc.





## TAILORING & EMBROIDERY

This course envisages the empowerment of women through skilled labour. There are the necessity of Tailors and embroidery workers in shops and companies everywhere. Moreover the women can generate an income through self employment and this improves the quality of livelihood. Pushparam Tailoring centre with all the facilities and experienced staff imparts sound training.





# ADMISSION

പ്രവേശനത്തിനുള്ള അപേക്ഷാഫോറം ITI ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ സമർപ്പിച്ചു കഴിഞ്ഞാൽ, വിശദമായ പരിശോധനയ്ക്കുശേഷം പ്രവേശനാർത്ഥിയെ ഇന്റർവ്യൂവിന് വിളിക്കുന്നതാണ്. യോഗ്യതയുടേയും ഇന്റർവ്യൂവിന് ലഭിച്ച മാർക്കിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. പ്രവേശനത്തിന് രക്ഷിതാവിന്റെ സാന്നിദ്ധ്യം നിർബന്ധമായും ഉണ്ടായിരിക്കണം.

# EXAMINATIONS & TRADE TEST

എല്ലാ മാസങ്ങളിലും Class test ഉം കൂടാതെ Half yearly examination നും ഉണ്ടായിരിക്കുന്നതാണ്. Annual, Model Examination സ്ഥാപനത്തിൽ വെച്ചും All India Trade Test, NCVT ടൈംടേബിളനുസരിച്ചും നടത്തുന്നതാണ്. NCVT സ്കീം പ്രകാരം Trade Theory (3 hrs), Trade Practical (8hrs), W/Cal. & Science (3 hrs), Engg. Drawing (4hrs), Employability Skills (2 hrs) എന്നിവയാണ്.

# ATTENDANCE

All India Trade Test എഴുതുന്നതിന് 80% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. മുന്നറിയിപ്പില്ലാതെ 10 ദിവസം ട്രെയ്നിങ്ങിന് ഹാജരാകാതിരുന്നാൽ പേര് ഹാജർപട്ടികയിൽ നിന്നും നീക്കംചെയ്യുന്നതാണ്. 50%ത്തിൽ താഴെയുള്ളവരുടെ പേരുകൾ ഒരു മുന്നറിയിപ്പുമില്ലാതെ ഹാജർ പുസ്തകത്തിൽ നിന്നും നീക്കം ചെയ്യും

# CERTIFICATES

All India Trade Test ൽ യോഗ്യത നേടിയവർക്ക് ആദ്യം PNTC (Provisional National Trade Certificate)ഉം പിന്നീട് NTC ( National Trade Certificate) ഉം ലഭിക്കുന്നതാണ്

# PLACEMENT CELL

ITI യിൽ പ്രവർത്തിക്കുന്ന placement cell ട്രെയ്നികളുടെ ജോലികാര്യങ്ങളിൽ ശ്രദ്ധിക്കുകയും വിവിധ Company, Factory കളിലെ ജോലിസാദ്ധ്യതകൾ ആരാഞ്ഞ് അവർക്ക് അനുയോജ്യരായവരെ തെരഞ്ഞെടുക്കാനുള്ള അവസരം ലഭ്യമാക്കുകയും ചെയ്യുന്നു. സ്വദേശത്തും വിദേശത്തും ഇവിടുത്തെ placement cell വഴി ജോലി ലഭിച്ചവർ നിരവധിയാണ്.

## COMPUTER CENTRE

MS-Office, DTP, Tally, Internet, Graphic Designing, PGDCA, Programming Languages എന്നീ കോഴ്സുകൾ നടത്തുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സുസജ്ജമായ കമ്പ്യൂട്ടർ സെന്റർ എപ്പോഴും പ്രവർത്തനക്ഷമമാണ്.

## REFERANCE LIBRARY

സാഹിത്യം, ശാസ്ത്രം, പൊതുവിജ്ഞാനം, ടെക്നിക്കൽ എന്നീ വിഷയങ്ങളിലുള്ള റഫറൻസ് ലൈബ്രറിയും പ്രധാന പത്രങ്ങളുടെയും ആധുനിക പ്രസിദ്ധികരണങ്ങളുടെ (ടെക്നിക്കൽ) ശേഖരണമുള്ള റീഡീംഗ് റൂം സൗകര്യവും ഇവിടെയുണ്ട്.

## ARTS & SPORTS

കലാ കായിക രംഗത്ത് Pushparam ITI യുടെ സംഭാവനകൾ എടുത്തുപറയത്തക്കതാണ്. ജില്ലാ സംസ്ഥാനതല മത്സരങ്ങളിൽ സമ്മാനങ്ങൾ നേടാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്.

## PERSONALITY DEVELOPMENT

സ്വഭാവരൂപീകരണം, വ്യക്തിത്വവികസനം, നേതൃത്വയോഗ്യത എന്നിവയെ സംബന്ധിച്ചും സ്പോക്കൺ ഇംഗ്ലീഷ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയങ്ങൾക്ക് കോഴ്സുകളും സെമിനാറുകളും നടത്തപ്പെടുന്നുണ്ട്.

## SKIP :


Skills for Progress എന്ന അഖിലേന്ത്യാ സ്വകാര്യ മാനേജ്മെന്റ് വൊക്കേഷണൽ, ടെക്നിക്കൽ സ്ഥാപനങ്ങളുടെ അസോസിയേഷൻ മെമ്പറാണ് Pushparam ITI. അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പും അദ്ധ്യാപകർക്ക് സെമിനാറുകളും വർക്കുഷോപ്പുകളും ടെയ്നികൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുതകുന്ന ക്ലാസ്സുകളും ITI യുടെ പ്രശസ്തിക്കും വളർച്ചയ്ക്കും വേണ്ട സഹായങ്ങളും SKIP നൽകുന്നുണ്ട്.

# സ്ഥാപനത്തിന്റെ നിയമങ്ങളും വ്യവസ്ഥകളും


1. സ്ഥാപനത്തിന്റെ അച്ചടക്കത്തിനും സുഗമമായ നടത്തിപ്പിനും വേണ്ടി അധികാരികൾ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കുന്നവർക്കുമാത്രമേ ഈ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുകയുള്ളു.
2. കർശനമായ അച്ചടക്കം നിർബന്ധമാണ്. അച്ചടക്കരാഹിത്യം, സ്വഭാവദൂഷ്യം , ക്രമക്കേട്എന്നിവയ്ക്കെതിരെ ട്രെയ്നിയുടെ മേൽ പിഴ , സസ്പെൻഷൻ, ഡിസ്മിസ്സൽ തുടങ്ങിയ ശിക്ഷാനടപടികൾ എടുക്കുന്നതാണ്.
3. എല്ലാ ട്രെയ്നികളും കർശനമായ കൃത്യനിഷ്ഠ, മാന്യമായ പെരുമാറ്റം, മര്യാദ , സൽസ്വഭാവം, മാന്യമായ സംസാരം, മാന്യമായ വസ്ത്രധാരണം, ശുചിത്വം എന്നിവ പാലിക്കേണ്ടതാണ്.
4. സ്ഥാപനത്തിന്റെ പരിസരം, ക്ലാസ്സ് റൂം, ലാബ് എന്നിവിടങ്ങളിൽ മദ്യപാനം, പുകവലി, മുറുക്ക്, പാൻപരാഗ്, ഹാൻസ് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം കർശനമായും നിരോധിച്ചിരിക്കുന്നു.
5. സ്ഥാപനത്തിലും പരിസരത്തും മൊബൈൽ ഫോണിന്റെ ഉപയോഗം നിരോധിച്ചിരിക്കുന്നു. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന അച്ചടക്ക നടപടിയെടുക്കുന്നതാണ്.
6. മറ്റുള്ളവർക്ക് ശല്യം ഉണ്ടാകത്തക്ക രീതിയിൽ വരാന്തയിലും ഗോവണിപ്പടിയിലും അനാവശ്യമായി കൂട്ടംകൂടുന്നതും ഉച്ചത്തിൽ ബഹളം വെയ്ക്കുന്നതും കർശനമായും നിരോധിച്ചിരിക്കുന്നു.
7. ക്രമരഹിതമായ ഹാജർ, മടി, അനുസരണക്കേട്, ദുഷ്പ്രേരണ, സ്വഭാവദൂഷ്യം, പ്രായോഗിക പരിശീലനത്തിലുള്ള ഉദാസീനത തുടങ്ങിയവ ട്രെയിനികളെ ഡിസ്മിസ്സ് ചെയ്യാൻ മതിയായ കാരണങ്ങളാണ്.
8. സ്ഥാപനത്തിനോ, ഉപകരങ്ങൾക്കോ, യന്ത്രസാമഗ്രികൾക്കോ നാശനഷ്ടം വരുത്തുന്ന പക്ഷം കാരണക്കാരായ ട്രെയിനികൾ തക്കതായ നാശനഷ്ടം നൽകേണ്ടതാണ്.
9. ട്രെയിനികൾ തങ്ങളുടെ ബുക്ക്, പണം, ഉപകരണങ്ങൾ, ലാബ്കോട്ട് തുടങ്ങിയവ തങ്ങളുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ നഷ്ടപ്പെടുത്തുന്ന പക്ഷം സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.
10. ഒരു ട്രെയിനി തന്റെ പരിശീലനത്തിനുവേണ്ടി നിർദ്ദേശിക്കപ്പെടാത്ത ക്ലാസ്സിലും ലാബിലും അനുവാദം കൂടാതെ പ്രവേശിക്കരുത്.
11. ട്രെയിനികൾ പ്രവർത്തിദിവസം ഓരോ ഷിഫ്റ്റിന്റെയും അവസാനം ലാബും ക്ലാസ്സ്റൂമും വൃത്തിയാക്കേണ്ടതും ഉപകരണങ്ങളും യന്ത്രസാമഗ്രികളും യഥാസ്ഥാനത്ത് തിരികെ വെയ്ക്കേണ്ടതുമാണ്.
12. അവധി എടുക്കുന്നതോ വൈകി വരുന്നതോ ആയ ട്രെയിനികളെ പ്രിൻസിപ്പാളിന്റെ അനുവാദമില്ലാതെ ലാബിലോ, ക്ലാസ്സിലോ പ്രവേശിപ്പിക്കുന്നതല്ല.
13. ട്രെയിനികൾ അസുഖം മൂലം അവധിയെടുക്കുന്ന സാഹചര്യത്തിൽ വിശദവിവരങ്ങൾ കാണിച്ച് രക്ഷകർത്താവ് സാക്ഷ്യപ്പെടുത്തിയ ലീവ് ലെറ്റർ കൊണ്ടുവരേണ്ടതാണ്. ഇപ്രകാരം മൂന്നിൽ കൂടുതൽ ദിവസം അവധിയെടുക്കേണ്ടി വരുന്ന പക്ഷം പ്രിൻസിപ്പാളിനെ മുൻകൂർ വിവരം അറിയിക്കേണ്ടതാണ്.
14. ഹാജരിന്റെ കാര്യത്തിൽ ട്രെയിനികൾ കർശനമായ കൃത്യനിഷ്ഠ പാലിക്കേണ്ടതാണ്. 30 മിനിട്ടു വരെ വൈകി വരുന്നവർക്ക് അര ദിവസത്തെ ഹാജർ നഷ്ടപ്പെടുന്നതാണ്. മുൻകൂർ അനുവാദമില്ലാതെ അവധി എടുക്കാവുന്നതല്ല. 10 ദിവസത്തിൽ കൂടുതൽ മുന്നറിയിപ്പില്ലാതെ അവധിയെടുക്കുന്നവരുടെ പേര് റോളിൽനിന്നും നീക്കം ചെയ്യുന്നതാണ്. NCVT ട്രെയിനിങ്ങ് മാന്വൽ പ്രകാരം 80% ഹാജർ ഇല്ലാത്ത ട്രെയിനികൾ All India Trade Test ന് അയോഗ്യരായിരിക്കും.
15. ട്രെയിനികൾ അധികാരികളുടെ അനുവാദമില്ലാതെ മീറ്റീംഗ് വിളിച്ചുകൂട്ടുവാനോ അതിനായി പുറമെ നിന്നും വ്യക്തികളെ ക്ഷണിക്കുവാനോ പാടില്ല.
16. പ്രവേശനം ഗവൺമെന്റ് അംഗീകരിച്ചതിനുശേഷം കോഴ്സ് പൂർത്തിയാക്കാതെ പിരിഞ്ഞുപോകുകയാണെങ്കിൽ മുഴുവൻ കോഴ്സ് ഫീസും അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. അപ്രകാരം മുഴുവൻ ഫീസും അടച്ചാൽ മാത്രമേ കോഴ്സ് സംബന്ധമായി വിദ്യാർത്ഥി ഏൽപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും, ടി.സി മുതലായവയും തിരിച്ചുനൽകുകയുള്ളു.
17. ലാബിലും, ക്ലാസ്സിലും, പരിസരത്തും ട്രെയിനികൾ നിർദ്ദിഷ്ട യൂണിഫോമും , ഐഡൻന്റിറ്റി കാർഡും ധരിച്ചിരിക്കേണ്ടതാണ്
18. എതെങ്കിലും നിയമത്തിന്റെ വിശദികരണത്തെ കുറിച്ച് സംശയം ഉയരുന്നപക്ഷം സ്ഥാപന മേലധികാരിയുടെ തീരുമാനം അന്തിമമായിരിക്കും. നിർദ്ദിഷ്ട നിയമങ്ങൾക്ക് ആനുപാതികവിശദീകരണം നൽകുന്നതിനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.
19. അഡ്മിഷൻ സമയത്ത് ഓഫിസിൽ ഏൽപ്പിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും കോഴ്സ് പൂർത്തിയാകുന്നതിനുമുമ്പ് തിരിച്ചുനൽകുന്നതല്ല.

**അപേക്ഷാഫോറത്തിൽ ഒപ്പുവെയ്ക്കുന്നതോടെ അപേക്ഷകനും രക്ഷകർത്താവും മേൽവിവരിച്ച വ്യവസ്ഥകൾ അംഗീകരിക്കുകയാണ്.**












OUR PATRONESS





OUR FOUNDER

# AIM OF INSTITUTE

- GOOD TECHNICAL TRAINING
- SOUND EDUCATION
- HEALTHY DISCIPLINE
- SOCIAL CONSCIOUSNESS
- MAKE THE YOUTH EQUIPPED FOR A JOB

MiDAS® MATTANUR / 0490 2474 655, 9447484821